പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.316 — 28-6-2011-ന് മറുപടിക്ക്

മാലിന്യ സംസ്ക്കരണപദ്ധതിക്കുള്ള ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകം പദ്ധതികളിലൂടെ ധനസഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | എ) ഖരമാലിന്യ പരിപാലന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി നഗരസഭകൾക്കും ഗ്രാമ പഞ്ചായത്തുകൾക്കും സംസ്ഥാന സർക്കാരിന്റെയും കേന്ദ്രാവിഷ്കൃത പദ്ധതിയുടെയും ഭാഗമായി ധനസഹായം ശുചിത്വ മിഷൻ വഴി നൽകിവരുന്നുണ്ട്.<br><br>58 മുനിസിപ്പാലിറ്റികൾക്ക് ഖരമാലിന്യ പരിപാലന സംവിധാനം ഏർപ്പെടുത്തുന്നതിന് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഭാഗിക ധന സഹായം നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾക് കേന്ദ്ര പദ്ധതിയായ സമ്പൂർണ്ണ ശുചിത്വയജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി ഖരമാലിന്യ സംസ്കരണത്തിന് പൊതുസംവിധാനം ഏർപ്പെടുത്തുന്നതിനാവശ്യമായി വരുന്ന പദ്ധതി തുകയുടെ 60% അല്ലെങ്കിൽ 7.50 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം ലഭ്യമാക്കി വരുന്നു. ഇതു കൂടാതെ മാർക്കറ്റ്, സ്കൂൾ, ആശുപത്രി, അറവുശാല തുടങ്ങിയ സ്ഥലങ്ങളിൽ മാലിന്യ പ്രശ്നം രൂക്ഷമായ സ്ഥലങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതി തുകയുടെ 75% അല്ലെങ്കിൽ പരമാവധി 4 ലക്ഷം രൂപ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്. |
| ബി) 'ഇ-വേസ്റ്റ് സംസ്ക്കരണത്തിന് പുതുതായി എന്തെങ്കിലും നയമോ | ബി) ഉണ്ട്. ഇ-വേസ്റ്റ് ശാസ്ത്രീയമായി മാനേജ് ചെയ്യുക എന്ന ഉദ്ദേശത്തോടെ |

സമീപനമോ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഇ-മാലിന്യങ്ങൾക്ക് പ്രത്യേകമായി കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം ഇ-വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡലിംഗ്) ചട്ടങ്ങൾ മേയ് 12, 2011 ന് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ നിയമം 2012 മേയ് 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരും. ഇലക്ട്രിക്കൽ/ ഇലക്ട്രോണിക് ഉപകരണ ഉല്പാദകർ, ബൾക്ക് കൺസ്യൂമർ വില്പന നടത്തുന്നവർ, ഇ-വേസ്റ്റ് കളക്ഷൻ സെന്ററുകൾ നടത്തുന്നവർ, ഡിസ്മാന്റിൽ ചെയ്യുന്നവർ, റീസൈക്കിൾ ചെയ്യുന്നവർ മുതലായവരെ എല്ലാം തന്നെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടു വന്നിട്ടുണ്ട്. ഇ-മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നവരുടെ ഉത്തരവാദിത്തങ്ങൾ എന്താണെന്നും അവർ ഇ-മാലിന്യം കൈകാര്യം ചെയ്യാൻ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കരസ്ഥമാക്കണമെന്നും നിയമത്തിൽ നിഷ്കർഷിക്കുന്നു. ഈ നിയമം സംസ്ഥാനങ്ങളിൽ നടപ്പാക്കേണ്ട ചുമതല പ്രധാനമയും അതതു സംസ്ഥാന മലിനികരണ നിയന്ത്രണ ബോർഡുകൾക്കാണ്. സംസ്ഥാനത്ത് ഈ നിയമം ഫലവത്തായി നടപ്പാക്കാനുള്ള നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചു വരുന്നു. ഇ-മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളെയും ബോർഡിന്റെ അധികാര പരിധിയിൽ കൊണ്ടു വന്ന് അനുമതി പത്രം (ആതറൈസേഷൻ/ രജിസട്രേഷൻ) എടുപ്പിക്കുകയും ഇങ്ങനെ നല്കുന്ന അനുമതി പത്രത്തിൽ ഇ-മാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള വ്യക്തമായ നിബന്ധനകൾ ഉൾക്കൊള്ളിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുന്നതാണ്. ഇ-മാലിന്യ ത്തിന്റെ ഇൻവെന്ററൈസേഷൻ ബോർഡ് തയ്യാറാക്കി വരുന്നു.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉത്തരവാദിത്വങ്ങൾ:-

1. ഇ-മാലിന്യങ്ങളുടെ ഇൻവെന്ററൈസേഷൻ തയ്യാറാക്കുക.
2. ഇ-മാലിന്യം കൈകാര്യം ചെയ്യുന്നവർക്ക് അനുമതി (ആതറൈസേഷൻ/രജിസ്ട്രേഷൻ) നൽകുക.
3. ആതറൈസേഷൻ/രജിസ്ട്രേഷനിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന നിർദ്ദേശങ്ങളുടെ പാലനം നിരീക്ഷിക്കുക.
4. ആതറൈസേഷനിൽ നൽകുന്ന നിബന്ധനകൾ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കുക.
5. പാരിസ്ഥിതിക സുരക്ഷ ഉറപ്പാക്കുന്ന രീതിയിൽ ഉള്ള പരിപാടികൾ പ്രോത്സാഹിപ്പിക്കുക
6. നിയമം തെറ്റിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുക
7. കേന്ദ്ര മന്ത്രാലയം ഈ ചട്ടങ്ങൾ പ്രകാരം പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുക,

ഇ-വേസ്റ്റ് കൈകാര്യം ചെയ്യുന്ന മേഖലകളിലുള്ളവരുടെ ഉത്തരവാദിത്വങ്ങൾ ചുവടെ ചേർക്കുന്നു:-

<u>ഉത്പാദകന്റെ പ്രധാന ഉത്തരവാദിത്വങ്ങൾ:</u>

- ഇലക്ട്രിക്കൽ/ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുമ്പോൾ ഉണ്ടാകുന്ന ഇ-മാലിന്യം റിസൈക്കിളിംഗിനും ഡിസ്പോസലിനുമായി (നിർമ്മാർജ്ജനത്തിനുമായി) തിരിക്കുക.
- ഉപയോഗശൂന്യമായ ഇലക്ട്രോണിക്/ഇലക്ട്രിക്കൽ ഉൽപ്പന്നങ്ങൾ ഉല്പാദകന്റെ വിപുലീകൃത ഉത്തരവാദിത്വത്തിന്റെ കീഴിൽ വരുന്നു. ഇത്തരം ഇ-മാലിന്യം രജിസ്റ്റേർഡ് ഡിസ്മാന്റിലർ/ റീസൈക്കിളർ എന്നിവരിൽ

എത്തിച്ചേരുന്നു എന്ന് ഉറപ്പാക്കണം. ഇതിലേയ്ക്കായി ഉല്പാദകൻ അംഗീകൃത കളക്ഷൻ സെന്റർ വഴി ഇ-മാലിന്യ ശേഖരണവും/ തിരിച്ചുവിടലും നടക്കുന്നതായി ഉറപ്പുവരുത്തണം.

- ഉല്പാദകർ ഒന്നിച്ചോ ഒറ്റയ്ക്കോ ഇ-മാലിന്യങ്ങളുടെ കളക്ഷൻ സെന്ററുകൾ/ തിരിച്ചെടുക്കൽ കേന്ദ്രങ്ങൾ സ്ഥാപിക്കണം.
- പരിസ്ഥിതിക്ക് യോജിച്ച രീതിയിൽ മാലിന്യം കൈകാര്യം ചെയ്യുന്ന തിനായി സംവിധാനങ്ങൾ ആവിഷ്കരിക്കുകയും അതിനാ യുള്ള തുക കണ്ടെത്തുകയും വേണം.
- സംസ്ഥാന മലിനികരണ നിയന്ത്രണ ബോർഡിൽ നിന്നും ആതറൈ സേഷൻ എടുക്കണം.

<u>അർബൻ ലോക്കൽ അതോറിറ്റികളുടെ പ്രധാന ഉത്തരവാദിത്വം</u> - ഇ-മാലിന്യം മറ്റു മാലിന്യവുമായി ഇടകലർത്താതെ അംഗീകൃത കളക്ഷൻ സെന്റർ/ ഡിസ്മാന്റലർ/റിസൈക്കിളർ വഴി തിരിച്ചു വിടുക.

സെക്ഷൻ ഓഫീസർ